## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4324** 12-11-2019-ൽ മറുപടിക്ക്

### ടൂറിസം മന്ത്രിമാരുടെ ദേശീയ കോൺക്ലേവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം മേഖലയുടെ വളർച്ചക്ക് ഉയർന്ന നികുതിയും വിമാനയാത്രാ നിരക്കും ഗണ്യമായി കുറയ്ക്കണമെന്ന് ടൂറിസം മന്ത്രിമാരുടെ ദേശീയ കോൺക്ലേവ് അഭിപ്രായപ്പെടുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ; | (എ) | അഭിപ്രായമുണ്ടായി. ഈ രണ്ട് വിഷയങ്ങളെയും ആസ്പദമാക്കി ദേശീയ കോൺക്ലേവ് ചർച്ച ചെയ്യുകയും പ്രമേയം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. പ്രമേയത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | 7500 രൂപയ്ക്ക് മുകളിൽ ദിവസ വാടകയുള്ള ഹോട്ടലുകൾ ഈടാക്കുന്ന ജി.എസ്.ടി. നിലവിൽ 28 ശതമാനവും 2500 രൂപ വരെ വാടകയുള്ള ഹോട്ടലുകൾ ഈടാക്കുന്ന ജി.എസ്.ടി. 18 ശതമാനവുമാണോ; | (ബി) | 7500 രൂപയ്ക്ക് മുകളിൽ ദിവസ വാടകയുള്ള ഹോട്ടലുകൾ ഈടാക്കുന്ന ജി.എസ്.ടി. 18% ആയും 1000 രൂപയ്ക്കു മുകളിൽ 7500 രൂപവരെ ദിവസ വാടകയുള്ള ഹോട്ടലുകൾക്ക് ജി.എസ്.ടി. 12% ആയും നിജപ്പെടുത്തി 01-10-2019 മുതൽ പ്രാബല്യം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ മറ്റു രാജ്യങ്ങളുമായി താരമത്യം ചെയ്യുമ്പോൾ ഉയർന്നതായ ഈ നിരക്ക് വെട്ടിക്കുറയ്ക്കണമെന്ന് യോഗം അഭിപ്രായപ്പെടുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ; | (സി) | ഉണ്ടായി. പ്രമേയത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | കേരളം മുൻകൈയെടുത്ത് കോവളത്ത് നടത്തിയ കോൺക്ലേവിനോട് മറ്റ സംസ്ഥാനങ്ങളിൽ നിന്ന് തണുപ്പൻ പ്രതികരണമായിരുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ഡി) | രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളെയും ക്ഷണിച്ചിരുന്നുവെങ്കിലും കേന്ദ്ര ടൂറിസം വകുപ്പ് മന്ത്രിയും 4 സംസ്ഥാനങ്ങളിലെ ടൂറിസം മന്ത്രിമാരും 4 സംസ്ഥാനങ്ങളിലെ ടൂറിസം സെക്രട്ടറി/ഡയറക്ടർമാരും കോൺക്ലേവിൽ പങ്കെടുത്തു. വിവിധ സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പും മുൻകൂട്ടി നിശ്ചയിച്ച പരിപാടികളും ഉണ്ടായിരുന്നതിനാലാണ് മറ്റ സംസ്ഥാനങ്ങളിൽ നിന്നും പ്രാതിനിധ്യം ഉണ്ടാകാതിരുന്നത്. |
| (ഇ) | ടൂറിസം മേഖലയുടെ വളർച്ചക്ക് മറ്റെന്തൊക്കെ നിർദ്ദേശങ്ങളാണ് പ്രധാനമായും യോഗത്തിൽ ഉയർന്നു വന്നത്; വിശദാംശങ്ങൾ നൽകുമോ? | (ഇ) | അന്തർസംസ്ഥാന ടൂറിസ്റ്റ് വാഹനങ്ങൾക്കുമേൽ ചുമത്തുന്ന നികുതിയുടെ വിഷയവും കോൺക്ലേവ് ചർച്ച ചെയ്തു. അയൽ സംസ്ഥാനങ്ങൾ ചേർന്ന് 'മേഖലാ ടൂറിസം കൗൺസിൽ' രൂപീകരിച്ച്, സംസ്ഥാനങ്ങളെ ബന്ധിപ്പിച്ച് ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കുവാനും കോൺക്ലേവിൽ നിർദ്ദേശിക്കപ്പെട്ടു. വിവിധ സംസ്ഥാനങ്ങളിലെ ടൂറിസം കേന്ദ്രങ്ങളെ കോർത്തിണക്കി അന്താരാഷ്ട്ര ടൂറിസം വിപണികളിൽ സംയുക്ത പ്രചാരണം നടത്തുവാൻ കോൺക്ലേവ് നിർദ്ദേശിച്ചു. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**



Govt. of Kerala

A JOURNEY OF TOGETHERNESS

**TOURISM MINISTERS'**

**15-16 SEP 2019**
**KOVALAM, KERALA**

# RESOLUTION

The Tourism Ministers' Conclave 2019 at Kovalam, Kerala notes with concern that the GST Council of India has imposed 28% GST on hotel room tariff over Rs. 7,500 and 18% tax on rooms with tariffs between Rs. 2,500 and Rs. 7,500. This tax rate is high compared with other countries. We request a reduction of GST in the tourism sector to attract more tourists.

We express concern over the high air-fares during peak season and festival periods, which are forcing the holiday-makers to opt for economical destinations. Besides, the unexpected closure of certain airlines/carriers has led to increased airfares, while minimal air connectivity with 2 tier and 3 tier cities has compounded the problem.

The conclave takes note of the varied interstate tourist vehicle taxes. There is a need to rationalise it across all the states in the country for a seamless travel.

We resolve to form a Regional Tourism Council and develop tourism circuits which would be region-based, across neighboring states. We resolve to jointly promote our tourist attractions across the world in order to give a cutting edge to our campaigns.

